# യേശു പത്രൊാസിന്റെ എഴുത്തുകളിൽ

**ശബ്ബത്ത് സായാഹ്നം മേയ് 13**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**1 പത്രൊാസ് 1:18,19; കൊലൊസ്സ്യർ 1:13,14; യെശയ്യാവ് 53:1-12; യോഹന്നാൻ 11:25; സങ്കീർത്തനങ്ങൾ 18:50; 2 പത്രൊാസ് 1:1**

**മനഃപാഠവാക്യം: "നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു" (1 പത്രൊാസ് 2:24).**

നാം 1 പത്രൊാസ് പഠിച്ചപ്പോൾ, ഇതിനോടകംകൊണ്ട് പശ്ചാത്തലം എന്തു തന്നെയായാലും, അല്ലെങ്കിൽ എന്തുതന്നെ പ്രത്യേകമായ വിഷയം അവൻ സംബോധന ചെയ്യുകയാണെങ്കിലും, അവന്റെ ശ്രദ്ധാകേന്ദ്രം യേശുവിലായിരുന്നു എന്നു വ്യക്തമായി. അവൻ എഴുതിയതിലൂടെയെല്ലാം യേശു കടന്നു പോകുന്നു ആ എഴുത്തിലൂടെ തുന്നിച്ചേർത്തിരിക്കുന്ന സ്വർണ്ണ നൂലാണവൻ.

അവൻ യേശുവിന്റെ ഒരു "അപ്പൊസ്തലൻ" (അയയ്ക്കപ്പെട്ടവൻ) ആകുന്നു എന്ന് പത്രൊാസ് പറയുന്ന ആദ്യവരി മുതൽ "ക്രിസ്തുവിലുള്ള നിങ്ങൾക്ക് ഏവർക്കും സമാധാനം ഉണ്ടാകട്ടെ"(1 പത്രൊാസ് 5:14)എന്നു പറയുന്ന അവസാന വരിവരെ യേശുവാണ് അവന്റെ കേന്ദ്ര ആശയം.

ഈ ലേഖനത്തിൽ യേശുവിന്റെ മരണത്തെ നമുക്കുള്ള യാഗമായി അവൻ പറയുന്നു. യേശു കടന്നുപോയ വലിയ കഷ്ടപ്പാടിനെക്കുറിച്ച് അവൻ പറയുന്നു, ആ കഷ്ടപ്പാടിൽ യേശുവിന്റെ മാതൃകയെ നമുക്ക് ഒരു മാതൃകയായി അവൻ ഉപയോഗിക്കുന്നു. അവൻ യേശുവിന്റെ പുനരുത്ഥാനത്തെയും അത് നമുക്ക് എന്ത് അർത്ഥമാക്കുന്നു എന്നതിനെയും കുറിച്ച് പറയുന്നു. ഇതിനു പുറമെ, അവൻ യേശുവിനെ മശിഹായായി മാത്രമല്ല പറയുന്നത്, (ക്രിസ്തോസ്, Christos) 'അഭിഷിക്തൻ", പിന്നെയോ യേശുവിനെ ദിവ്യ മിശിഹാ എന്ന് പറയുന്നു. അതായത്, 1 പത്രൊാസിൽ നാം യേശുവിന്റെ ദിവ്യ പ്രകൃതത്തിന്റെ കൂടുതൽ തെളിവുകൾ കാണുന്നു. അവൻ ദൈവം തന്നെയായിരുന്നു, നമുക്ക് നിത്യജീവന്റെ വാഗ്ദത്തവും പ്രത്യാശയും ഉണ്ടാകുന്നതിനായി അവൻ മനുഷ്യനായിവന്നു, ജീവിച്ചു, മരിച്ചു.

ഈ ആഴ്ചയിൽ നാം തിരികെ 1 പത്രൊാസിലേക്ക് പോയി അത് യേശുവിനെക്കുറിച്ച് എന്ത് വെളിവാക്കുന്നു എന്ന് കൂടുതൽ അടുത്ത് നോക്കും.

**ഞായർ** **മേയ് 14**

**നമ്മുടെ യാഗം, യേശു**

ബൈബിളിലെ അലങ്കരിക്കപ്പെട്ടിരിക്കുന്ന ഒരു കേന്ദ്ര ആശയം, ഒരു പക്ഷെ ഏറ്റവുമധികം അലങ്കരിക്കപ്പെട്ടിരിക്കുന്ന ആശയം, വീഴ്ച ഭവിച്ച മാനവ ജാതിയെ

രക്ഷിക്കുന്ന ദൈവത്തിന്റെ വേലയാണ്. ഉല്പത്തിയിലെ ആദാമിന്റെയും ഹൗവ്വയുടെയും വീഴ്ച മുതൽ വെളിപ്പാടിലെ ബാബിലോണിന്റെ വീഴ്ചവരെ. "കാണാതെ പോയതിനെ" (ലൂക്കൊസ് 19:10) തിരഞ്ഞു കണ്ടെത്തി രക്ഷിക്കുവാൻ ദൈവം ചെയ്യുന്ന വേലയെ തിരുവെഴുത്ത് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ വെളിവാക്കുന്നു. ഈ കേന്ദ്ര ആശയമാകട്ടെ പത്രൊാസിന്റെ എഴുത്തുകളിലും വെളിവാക്കപ്പെട്ടിരിക്കുന്നു.

**1 പത്രൊാസ് 1:18,19; കൊലൊസ്സ്യർ 1:13,14 വായിക്കുക. വീണ്ടെടുക്കപ്പെടുക എന്നതിന്റെ അർത്ഥമെന്താണ്, രക്ഷയുമായി രക്തത്തിന് എന്ത് ബന്ധമാണുള്ളത്?**

1 പത്രൊാസ് 1:18,19 യേശുവിന്റെ മരണത്തിന്റെ പ്രാധാന്യം ഇങ്ങനെ വിവരിക്കുന്നു "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി, മുതലായവ കൊണ്ടല്ല ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ. ഈ വാക്കുകളിൽ രണ്ടു സുപ്രധാന സാദൃശ്യങ്ങൾ ഉണ്ട്: വീണ്ടെടുപ്പും മൃഗയാഗവും. വീണ്ടെടുപ്പ് എന്നത് ബൈബിളിൽ വിവിധ രീതികളിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ആദ്യം പിറന്ന കഴുത (അതിനെ യാഗം കഴിക്കാനാകില്ല) ആദ്യജാതനായ മകൻ (പുറപ്പാട് 34:19,20) വീണ്ടെടുക്കപ്പെട്ടത് പകരക്കാരനായ ആട്ടിൻകുട്ടിയെക്കൊണ്ടാണ്. ദാരിദ്ര്യം മൂലം വിറ്റുപോയ സാധനങ്ങൾ തിരികെ വാങ്ങാൻ (വീണ്ടെടുക്കാൻ) പണം ഉപയോഗിക്കാമായിരുന്നു (ലേവ്യ 25:25,26). ഏറ്റവും പ്രധാനമായി, ഒരു അടിമയെ വീണ്ടെടുക്കാമായിരുന്നു (ലേവ്യ 25:47-49). 1 പത്രൊാസ് അറിയിക്കുന്നത് അവരുടെ "വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നിങ്ങളുടെ നടപ്പിൽ നിന്നു" (1 പത്രൊാസ് 1:18) വീണ്ടെടുത്തത് "ക്രിസ്തു എന്ന നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ(1 പത്രൊാസ് 1:19). കുഞ്ഞാടിന്റെ സാദൃശ്യം, നിശ്ചയമായും, മൃഗയാഗത്തിന്റെ ആശയം പുറത്തുവരുന്നു.

അപ്രകാരം പത്രൊാസ് ക്രിസ്തുവിന്റെ മരണത്തെ എബ്രായ ബൈബിളിലെ ഒരു യാഗമൃഗത്തോട് സാമ്യപ്പെടുത്തുന്നു. ഒരു പാപി ഊനമില്ലാത്ത ഒരാടിനെ ദൈവാലയത്തിൽ കൊണ്ടുവന്നു. പിന്നീട് ആ മൃഗത്തിന്മേൽ പാപി കൈവച്ചു (ലേവ്യ. 32:33). മൃഗം കൊല്ലപ്പെട്ടു, അതിന്റെ രക്തത്തിൽ കുറച്ച് യാഗപിഠത്തിന്മേൽ പുരട്ടി; ശേഷമുള്ള രക്തം യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിച്ചു കളഞ്ഞു (ലേവ്യ. 4:34). യാഗമൃഗത്തിന്റെ മരണം യാഗം അർപ്പിച്ചവന് "പാപ പരിഹാരം" നൽകി (ലേവ്യ. 4:35). പത്രൊാസ് പറയുന്നത് യേശു നമ്മുടെ സ്ഥാനത്ത് മരിക്കുകയും അവന്റെ മരണം നമ്മെ നമ്മുടെ മുൻകാല ജീവിതത്തിൽനിന്നും അല്ലെങ്കിൽ നമുക്കുണ്ടാകാവുന്ന നാശത്തിൽനിന്നും വീണ്ടെടുത്തു.

**നമുക്കുള്ള രക്ഷയുടെ പ്രത്യാശ നിലകൊള്ളുന്നത് നമുക്കു പകരമായി ഒന്നു ശിക്ഷിക്കപ്പെടുമ്പോഴാണ് എന്ന വസ്തുത ദൈവത്തിൽ മാത്രമുള്ള തികഞ്ഞ ആശ്രയത്തെക്കുറിച്ചു നമ്മെ എന്തു പഠിപ്പിക്കുന്നു?**

**തിങ്കൾ** **മേയ് 15**

## ക്രിസ്തുവിന്റെ യാതന

ക്രിസ്ത്യാനികൾ മിക്കപ്പോഴും"ക്രിസ്തുവിന്റെ യാതന"യെക്കുറിച്ച് സംസാരിക്കാറുണ്ട്. യാതന എന്ന വാക്ക് ഒരു കഷ്ടപ്പാട് എന്നർത്ഥമുള്ള ഒരു യവന ക്രിയയിൽ നിന്നും വരുന്നു. "ക്രിസ്തുവിന്റെ യാതന" എന്ന പദശകലമാകട്ടെ, അവന്റെ വിജയകരമായ യെരൂശലേം പ്രവേശനത്തിൽ ആരംഭിച്ച് അവന്റെ ജീവിതത്തിന്റെ അന്ത്യസമയത്ത് യേശു അനുഭവിച്ച കഷ്ടപ്പാടിനെ പ്രതിപാദിക്കുന്നു. പത്രൊസും ക്രിസ്തുവിന്റെ അന്ത്യനാളുകളിലെ കഷ്ടപ്പാടിനെക്കുറിച്ചാണ് ദീർഘമായി സംസാരിക്കുകയും എഴുതുകയും ചെയ്യുന്നത്.

**1 പത്രൊസ് 2:21-25; യെശയ്യാവ് 53:1-12 വായിക്കുക. നമുക്കു പകരമായി യേശു എന്തു സഹിച്ചു എന്നതിനെക്കുറിച്ച് അവ നമ്മോട് എന്തു പറയുന്നു?**

യേശുവിന്റെ കഷ്ടപ്പാടിന് ഒരു പ്രത്യേകമായ പ്രാധാന്യമുണ്ട്. "നമ്മുടെ പാപങ്ങൾ അവൻ സ്വന്തം ശരീരത്തിൽ മരത്തിൽ (ക്രൂശിൽ) വഹിച്ചു; അ.പ്ര. 5:30 മായി താരതമ്യം ചെയ്യുക.

"നാം പാപം സംബന്ധിച്ച് മരിച്ചു നീതിക്കു ജീവിക്കേണ്ടതാകുന്നു" (1 പത്രൊസ് 2:24). പാപം മരണത്തെ കൊണ്ടുവരുന്നു (റോമർ 5:12). പാപികളെന്ന നിലയിൽ നാം മരിക്കാൻ അർഹരാണ്. എന്നിരുന്നാലും പൂർണ്ണനായ യേശു അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല (1 പത്രൊസ് 2:22) നമ്മുടെ സ്ഥാനത്ത് മരിച്ചു. ആ കൈമാറ്റത്തിൽ, നമുക്കു രക്ഷാപദ്ധതിയുണ്ട്.

**യെശയ്യാവ് 53:1-12 വീണ്ടും വായിക്കുക. നമുക്കായി രക്ഷാപദ്ധതി പ്രാവർത്തികമാക്കിയപ്പോൾ യേശു എന്തു സഹിച്ചു എന്നാണ് വാക്യങ്ങൾ പറയുന്നത്? ഇതു ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് നമ്മോടെന്തു പറയുന്നു?**

സാത്താൻ അവന്റെ ഉഗ്രമായ പരീക്ഷകളാൽ യേശു വിന്റെ ഹൃദയം കഷ്ടപ്പെടുത്തി. കല്ലറയുടെ വാതിലിനപ്പുറത്തേക്ക് രക്ഷകന് കാണാൻ കഴിഞ്ഞില്ല. കല്ലറയിൽനിന്ന് ഒരു ജയാളിയായി പുറത്തു വരുന്നത് അവന് പ്രത്യാശിക്കാനായില്ല, അല്ലെങ്കിൽ പിതാവ് അവന്റെ യാഗം സ്വീകരിക്കുമെന്നും അവനോട് പറഞ്ഞില്ല. ദൈവത്തിനു പാപം അത്രയ്ക്ക് കുറ്റമായതിനാൽ അവരുടെ വേർപാട് എന്നന്നേക്കുമായിരിക്കും എന്നവൻ ഭയപ്പെട്ടു. കുറ്റക്കാരായ കുലത്തിനുവേണ്ടി കരുണ യാചിക്കാതിരിക്കുമ്പോൾ പാപിക്കുണ്ടാകുന്ന വ്യഥ ക്രിസ്തുവിന് അനുഭവപ്പെട്ടു. അത് പാപബോധമായിരുന്നു. മനുഷ്യന്റെ പകരക്കാരനെന്ന നിലയിലായതിനു പിതാവിന്റെ ഉഗ്രകോപം അവന്റെമേൽ ഉണ്ടാകും എന്നതാണ്, അവൻ കുടിച്ച പാനപാത്രം ഇത്ര കയ്പുള്ളതായതും, ദൈവപുത്രന്റെ ഹൃദയം നുറുങ്ങിയതും - EGW ,The Desire of Ages; p 753.

**ചൊവ്വ** **മേയ് 16**

## യേശുവിന്റെ പുനരുത്ഥാനം

**1 പത്രൊസ് 1:3,4,21; യോഹന്നാൻ 11:25; ഫിലിപ്പിയർ 3:10,11; വെളിപ്പാട് 20:6 എന്നിവ വായിക്കുക. എന്തു വലിയ പ്രത്യാശയിലേക്കാണ് ഈ വാക്യങ്ങൾ വിരൽ ചൂണ്ടുന്നത്, നമുക്ക് അവ എന്ത് അർത്ഥമാകുന്നു?**

നാം നേരത്തെ കണ്ടതുപോലെ, 1 പത്രൊസ് സംബോധന ചെയ്തത്, യേശുവിലുള്ള അവരുടെ വിശ്വാസം കാരണം കഷ്ടമനുഭവിക്കുന്നവരെയാണ്. അങ്ങനെയാകുമ്പോൾ, പത്രൊസ് അവന്റെ എഴുത്തിന്റെ ആരംഭത്തിൽത്തന്നെ അവർക്കായി കാത്തിരിക്കുന്ന ആ പ്രത്യാശയിലേക്ക് അവന്റെ വായനക്കാരുടെ ശ്രദ്ധതിരിക്കുന്നത് ഏറ്റവും അനുയോജ്യമാണ് അവൻ പറയുന്നതുപോലെ, ഒരു ക്രിസ്ത്യാനിയുടെ പ്രത്യാശ എന്നത് ജീവിക്കുന്ന പ്രത്യാശയാണ്, അതിന് കൃത്യമായ കാരണം അത് യേശുവിന്റെ പുനരുത്ഥാനത്തിൽ ഊന്നിയ ഒരു പ്രത്യാശയാണെന്നതാണ് (1 പത്രൊസ് 1:3). യേശുവിന്റെ പുനരുത്ഥാനം കാരണം, ക്രിസ്ത്യാനികൾക്ക് ഒരിക്കലും വാടാത്തതും നശിക്കാത്തതുമായ ഒരു അനന്തരാവകാശത്തിനായി സ്വർഗ്ഗത്തിലേക്ക് നോക്കിപ്പാർക്കാം (1 പത്രൊസ് 1:4). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കാര്യങ്ങൾ എത്ര മോശമായിത്തീർന്നാലും, അതെല്ലാം കഴിയുമ്പോൾ നമുക്കായി എന്ത് കാത്തിരിക്കുന്നുവെന്ന് ഓർക്കുക.

ഉറപ്പായും, മരണത്തിൽനിന്നുള്ള യേശുവിന്റെ പുനരുത്ഥാനം നമുക്കും ഉയിർക്കാം എന്നുള്ളതിന്റെ ഒരു ഉറപ്പാണ് (1 കൊരിന്ത്യർ 15:20,21) പൗലൊസ് പറയുന്നതു പോലെ, "ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ! നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു" (1 കൊരിന്ത്യർ 15:17). എന്നാൽ യേശു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റതിനാൽ അവന് മരണത്തെത്തന്നെ കീഴടക്കാനുള്ള ശക്തിയുണ്ടെന്ന് അവൻ കാണിച്ചിട്ടുണ്ട്. അപ്രകാരം, ക്രിസ്തുവിന്റെ ചരിത്ര സംഭവമായ പുനരുത്ഥാനത്തിലാണ് ക്രിസ്തീയ പ്രത്യാശയുടെ അടിത്തറ. കാലാന്ത്യത്തിൽ നമ്മുടെ അടിസ്ഥാനമാണ് അവന്റെ ഉയിർപ്പ്.

ആ വാഗ്ദാനവും പ്രത്യാശയും ഇല്ലാതെ നാം എവിടെയായിരിക്കും? ക്രിസ്തു നമുക്കുവേണ്ടി ചെയ്തതിന്റെയെല്ലാം മൂർദ്ധന്യാവസ്ഥ പുനരുത്ഥാനത്തിലുള്ള വാഗ്ദത്തത്തിലാണ്. അതില്ലായെങ്കിൽ, പ്രത്യേകിച്ച് പൊതുവിലുള്ള ക്രിസ്തീയ വിശ്വാസത്തിനു വിരുദ്ധമായി, മരിച്ചവർ കല്ലറയിൽ ഒരു അബോധ ഉറക്കത്തിലാണ് എന്ന് വിശ്വസിക്കുന്ന നമുക്ക് എന്ത് പ്രത്യാശയാണുള്ളത്.

"ക്രിസ്ത്യാനിക്ക് മരണമെന്നത് ഒരു ഉറക്കമാണ്, അന്ധകാരത്തിന്റെയും നിശ്ശബ്ദതയുടെയും ഒരു നിമിഷം. ജീവൻ ദൈവത്തിൽ ക്രിസ്തുവിൽ മറഞ്ഞിരിക്കുകയാണ്, പിന്നീട് നമ്മുടെ ജീവനാകുന്ന ക്രിസ്തു, പ്രത്യക്ഷപ്പെടുമ്പോൾ, നാമും അവനോടൊത്ത് തേജസ്സിൽ പ്രത്യക്ഷപ്പെടും" യോഹന്നാൻ 8:51,52; കൊലൊസ്സ്യർ 3:4... അവന്റെ രണ്ടാം വരവിങ്കൽ വിലയേറിയ മരിച്ചവരെല്ലാം അവന്റെ ശബ്ദം കേൾക്കും, അവർ മഹത്വകരമായ, അമർത്ത്യത്തിലേക്ക് വരും"- EGW ,The Deire of Ages p 787.

**മരണത്തിന്റെ പ്രകടമായ അന്ത്യത്തെക്കുറിച്ച് ചിന്തിക്കുക. അത് വളരെ കർക്കശമാണ്, തീരെ ക്ഷമിക്കാത്തതാണ്, വളരെ യാഥാർത്ഥ്യവും, അങ്ങനെയങ്കിൽ എന്തുകൊണ്ടാണ് പുനരുത്ഥാനത്തിന്റെ വാഗ്ദത്തവും നാം വിശ്വസിക്കുന്നതും ആശിക്കുന്നതുമായ സർവവും നമ്മുടെ വിശ്വാസത്തിന് പ്രധാനമായിരിക്കുന്നത്?**

## യേശു മശിഹായായി

നാം മുമ്പു കണ്ടതുപോലെ, യേശുവിന്റെ ഭൂമിയിലെ ശുശ്രൂഷയിലെ പ്രധാന പ്പെട്ട ഒരു വഴിത്തിരിവുണ്ടായത്, അവൻ ആരാണ് എന്ന ചോദ്യത്തിനുത്തരമായി പത്രൊസ് മറുപടി പറഞ്ഞപ്പോഴാണ്: “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു” (മത്തായി 16:16).

ക്രിസ്തു എന്ന വാക്കിന്റെ (യവന ഭാഷയിൽ ക്രിസ്തോസ് Christos) അർത്ഥം. “അഭിഷക്തൻ” “മശിഹ” എന്നാണ്, അത് എബ്രായ ഭാഷയിൽ മാഷിയാക് എന്നും. അത് “അഭിഷേകം ചെയ്യുക”എന്നർത്ഥമുള്ള മൂല പദത്തിൽനിന്നു വന്നു, അത് പഴയനിയമത്തിൽ നിരവധി പശ്ചാത്തലങ്ങളിൽ ഉപയോഗിക്കപ്പെട്ടു. (അത് ഒരു സ്ഥലത്ത് ഒരു വിഗ്രഹാരാധിയായ രാജാവിനെ (കോരെശ്) കാണിക്കുവാനും ഉപ യോഗിച്ചു (യെശയ്യാവ് 45:1). അപ്പോൾ, പത്രൊസ് യേശുവിനെ ക്രിസ്തു എന്നു വിളിച്ചപ്പോൾ, എബ്രായ തിരുവെഴുത്തുകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന ഒരു ആദർശം കാണിക്കുവനായി ഒരു വാക്ക് ഉപയോഗിക്കുകയായിരുന്നു.

**മശിഹ അല്ലെങ്കിൽ അഭിഷേകം ചെയ്തവൻ എന്ന് ഉപയോഗിക്കുന്ന പഴയ നിയമത്തിലെ തുടർന്നുള്ള വാക്യങ്ങൾ വായിക്കുക. അതിന്റെ അർത്ഥമെന്തെന്ന് അതിന്റെ പശ്ചാത്തലം നമ്മെ എന്തു പഠിപ്പിക്കുന്നു? പത്രൊസ് യേശുവിനെ മശിഹ എന്ന് വിളിച്ചപ്പോൾ അതിന്റെ അർത്ഥമെന്തെന്ന് പത്രൊസ് എങ്ങനെ മനസ്സിലാക്കിയിരിക്കാം?**

സങ്കീ. 2:2 ______________________________

സങ്കീ. 18:50 ______________________________

ദാനീയേൽ 9:25 ______________________________

1 ശമുവേൽ 24:6______________________________

യെശയ്യാവ് 45:1______________________________

മശിഹ (മത്തായി 16:16,17) എന്ന് യേശുവിനെ പ്രഖ്യാപിക്കാൻ പത്രൊസ് ദൈവ ത്താൽ പ്രചോദിതനായതാണെങ്കിലും. ഇതിന്റെ പൂർണ്ണമായ അർത്ഥമെന്തെന്ന് അവന് മനസ്സിലായില്ല എന്നതിൽ തർക്കമൊന്നുമില്ല. ആരാണ് യഥാർത്ഥത്തിൽ മശിഹ എന്ന് അവൻ എന്ത് നേടിയെടുക്കേണ്ടിയിരുന്നുവെന്നും ഒരു പക്ഷേ ഏറ്റവും പ്രധാനമായി അതെങ്ങനെ നേടിയെടുക്കുമെന്നും അവൻ മനസ്സിലാക്കിയില്ല.

ആ തിരിച്ചറിവിന്റെ അഭാവത്തിൽ, പത്രൊസ് ഏകനായിരുന്നില്ല, മശിഹായെ ക്കുറിച്ചു യിസ്രയേലിൽ വ്യത്യസ്തമായ അനേകം ആശയങ്ങളുണ്ടായിരുന്നു. അവരിലും അവരെക്കുറിച്ച് തന്നെയും, മുകളിലുള്ള വാക്യങ്ങളിൽ മിശിഹാ അല്ലെങ്കിൽ “അഭിഷിക്തൻ”എന്ന വാക്കിന്റെ ഉപയോഗം പൂർണ്ണമായ ചിത്രം നൽകുന്നില്ല, ആത്യ ന്തികമായി മശിഹാ എന്തായിരിക്കുമെന്നോ എന്തു ചെയ്യുമെന്നോ അവർ എത്രമാത്രം മുൻകൂട്ടി കണ്ടാലും.

മശിഹായെക്കുറിച്ചു പ്രതീക്ഷിച്ചിരുന്നതിൽ ചിലത് യോഹന്നാൻ 7:40 വെളിപ്പെടുത്തുന്നു: അവൻ ദാവീദിൽ നിന്നും വരുന്നവനായിരിക്കും, ബേത്‌ലേഹെം പട്ടണത്തിൽ നിന്ന് (യെശയ്യാവ് 11:1–16; മീഖ 5:2). ആ ഭാഗം അവർക്കു ശരിയായി എന്നിരുന്നാലും, വ്യാപകമായ ഭാവനയിൽ ദാവീദിന്റെ വംശത്തിൽനിന്നും വരുന്നവൻ ദാവീദ് ചെയ്തതു തന്നെ ചെയ്യും. യെഹൂദന്റെ ശത്രുക്കളെ പരാജയപ്പെടുത്തും ആരും പ്രതീക്ഷിക്കാത്ത ഒന്ന് റോമാക്കാരാൽ ക്രൂശിക്കപ്പെടുന്ന ഒരു മശിഹായെയാണ്.

നിശ്ചയമായും, അവന്റെ ലേഖനങ്ങൾ അവൻ എഴുതികഴിഞ്ഞപ്പോൾ, പത്രൊസിന് യേശുവിനെ കൂടുതൽ നന്നായി മശിഹായായി മനസ്സിലാക്കുകയും അവൻ മനുഷ്യജാതികൾക്കുവേണ്ടി നേടാൻ പോകുന്ന സകലതും ഗ്രഹിക്കുകയും ചെയ്തു. (1,2 പത്രൊസിൽ അവനെ 15 പ്രാവശ്യം യേശുക്രിസ്തു എന്ന് വിളിക്കുന്നു).

**വ്യാഴം** **മേയ് 18**

## ആ ദിവ്യ മശിഹ, യേശു

യേശു മശിഹ ആണെന്നു മാത്രമല്ല അവൻ കർത്താവാണെന്നും പത്രൊസിനറിയാമായിരുന്നു. അതായത്, ഈ ലേഖനങ്ങളുടെ സമയമായപ്പോൾ മശിഹ ദൈവം തന്നെയാണെന്നു പത്രൊസ് മനസ്സിലാക്കി. “കർത്താവ്” എന്ന ശീർഷകത്തിന് ഒരു ലൗകിക അർത്ഥമുണ്ടെങ്കിലും, ആ വാക്കിന് വ്യക്തമായും ദിവ്യത്വവുമായി സൂചനയുണ്ട്.

1 പത്രൊസ് 1:3; 2 പത്രൊസ് 1:8, 14,16 എന്നിവിടങ്ങളിൽ പത്രൊസ് യേശുവിനെ മിശിഹായായും, ക്രിസ്തുവായും, കർത്താവായും ദൈവം തന്നെയായും പ്രതിപാദിക്കുന്നു.

പുതിയനിയമത്തിലെ മറ്റ് എഴുത്തുകാരെപ്പോലെ, യേശുവും ദൈവവും തമ്മിലുള്ള ബന്ധത്തെ പത്രൊസ് വർണ്ണിക്കുന്നത് പിതാവും പുത്രനും എന്ന വാക്കുകളോടെയാണ്. ഉദാഹരണത്തിന്, “നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം” (1 പത്രൊസ് 1:3; 2 പത്രൊസ്1:17 മായി താരതമ്യം ചെയ്യുക).

യേശുവിനെ പ്രിയപുത്രനായി വർണ്ണിക്കുന്നു (2 പത്രൊസ് 1:17) കർത്താവെന്ന നിലയിലുള്ള യേശുവിന്റെ അധികാരത്തിൽ കുറച്ച്, അവന്റെ സ്വർഗ്ഗീയ അന്തസ്സ്, എന്നിവ വരുന്നത് പിതാവായ ദൈവവുമായി അവനുള്ള ബന്ധത്തിൽ നിന്നാണ്.

**2 പത്രൊസ് 1:1, യോഹന്നാൻ 1:1, 20:28 എന്നിവ വായിക്കുക. യേശുവിന്റെ ദിവ്യത്വത്തെക്കുറിച്ച് ഈ വാക്യങ്ങൾ നമ്മോടെന്തു പറയുന്നു?**

2 പത്രൊസ് 1:1 പറയുന്നു “നമ്മുടെ രക്ഷകനും ദൈവവുമായ യേശുക്രിസ്തു” ഇതിന്റെ ഗ്രീക്കിലെ ആദ്യഗ്രന്ഥത്തിൽ ദൈവത്തിനും രക്ഷകനും പ്രത്യേകമായി എടുത്തു കാണിക്കുന്നതിനായി “ആ”എന്ന് ഉപയോഗിച്ചിട്ടുണ്ട്. വ്യാകരണപരമായി ഇതിന്റെ അർത്ഥം “ദൈവം” എന്നതും “രക്ഷകൻ” എന്നതും യേശുവിനുവേണ്ടി ഉപയോഗിച്ചിരി ക്കുന്നുവെന്നാണ്. അങ്ങനെയാകുമ്പോൾ, 2 പത്രൊസ്1:1 യേശുവിന്റെ പൂർണ്ണ ദിവ്യത്വം കാണിക്കുന്നതിനായി പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന സൂചനയായി കാണുന്നു.

ആദിമ ക്രിസ്ത്യാനികൾ യേശുവിനെ മനസ്സിലാക്കു വാൻ ബുദ്ധിമുട്ടിയപ്പോൾ, അവർ ക്രമേണ പുതിയനിയമത്തിലെ തെളിവ് ഒരുമിച്ച് വച്ചു. പത്രൊസിന്റ എഴുത്തുകളിൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവും വ്യത്യസ്തരാണ് (ഉദാഹരണത്തിന്, പിതാവ്/പുത്രൻ: 1 പത്രൊസ് 1:3, 2 പത്രൊസ് 1:17; പരിശുദ്ധാത്മാവ്: 1 പത്രൊസ് 1:12) പുതിയനിയമത്തിന്റെ മറ്റു ഭാഗങ്ങളിലും ഉറപ്പായതുപോലെ എന്നിരുന്നാലും അതേ സമയം, യേശുവും പരിശുദ്ധാത്മാവും പൂർണ്ണ ദിവ്യത്വമുള്ളവരായാണ് ചിത്രീകരിച്ചിരിക്കുന്നത്.

കാലങ്ങൾക്കുശേഷവും, അധികം ചർച്ചകൾക്കു ശേഷവും, ദൈവികത്വത്തിന്റെ ദിവ്യ മർമ്മം കഴിയാവുന്ന വിധം വിശദീകരിക്കുവാൻ സഭ ത്രിത്വത്തിന്റെ വിശ്വാസ സംഹിത വികസിപ്പിച്ചെടുത്തു. സെവന്ത്ഡേ അഡ്വന്റിസ്റ്റുകൾ അവരുടെ 28 അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നായി ത്രിത്വത്തെയും ഉൾപ്പെടുത്തിയിരിക്കുന്നു. അങ്ങനെ നാം പത്രൊസിൽ യേശുവിനെക്കുറിച്ചുള്ള ഒരു വ്യക്തമായ ചിത്രീകരണം കാണുന്നു, മശിഹായായി മാത്രമല്ല ദൈവമായും.

**നിങ്ങൾ യേശുവിന്റെ ജീവിതത്തെയും മരണത്തെയും കുറിച്ച് ചിന്തിക്കുകയും പിന്നീട് അവൻ ദൈവമാണെന്നു തിരിച്ചറിയുകയും ചെയ്യുമ്പോൾ, നാം സേവിക്കുന്ന ദൈവം എപ്രകാരമുള്ളവനാണെന്നും നാം എന്തുകൊണ്ട് അവനെ അശ്രയിക്കുകയും സ്നേഹിക്കുകയും ചെയ്യണമെന്നും ഇതിനെക്കുറിച്ച് ഇത് നമ്മോട് എന്തു പറയുന്നു? ശബ്ബത്തിൽ നിങ്ങളുടെ ഉത്തരം ക്ലാസിൽ കൊണ്ടുവരിക.**

**വെള്ളി** **മേയ് 19**

**കൂടുതൽ ചിന്ത :** “ക്രിസ്തോസ് അഭിഷക്തൻ, എന്ന ഗ്രീക്ക് പദത്തിന് തുല്യമായ പേരാണ് ക്രിസ്ത്യാനികൾക്കുള്ളത് എന്നതിനാൽ “മശിഹ’’യിൽ തുടങ്ങുന്നത് യുക്തമായിരിക്കും. ദൈവജനത്തിന് ഒരു പുതുയുഗം തുറക്കുന്ന തിലേക്കു ദൈവത്തിന്റെ വക്താവായിരിക്കുന്ന വീണ്ടെടുപ്പുകാരന്റെ ചിത്രമുള്ള ഒരാളുമായാണ് എബ്രായ പദത്തിനു ബന്ധമുള്ളത്, ഇവനെയാണ് യെഹൂദർ കാത്തിരിക്കുന്നത്.

“അഭിഷേകം ചെയ്യുക’’ എന്നർത്ഥമുള്ള മൂല പദങ്ങളിൽനിന്നാണ് ഗ്രീക്ക് എബ്രായ പദങ്ങൾ, എടുത്തിരിക്കുന്നത്. വ്യക്തമായും, അവനെ ‘ക്രിസ്തു’ എന്ന് വിളിച്ചുകൊണ്ട് പുതിയനിയമ എഴുത്തുകാർ യേശുവിനെ ഒരു പ്രത്യേക ദൗത്യത്തിനായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന ഒരാളായാണ് കണക്കാക്കിയിരുന്നത്.

ക്രിസ്തോസ് എന്ന ശീർഷകം 500 ൽ അധികം തവണ പുതിയനിയമത്തിൽ കാണപ്പെടുന്നു. യേശുവിന്റെ സമകാലീനരിൽ (ഒരേസമയത്ത് ജീവിച്ചവർ) മശിഹാത്വം എന്ന ഒന്നിലധികം സങ്കല്പം ഉണ്ടായിരുന്നുവെങ്കിലും, ഒന്നാം നൂറ്റാണ്ടോടുകൂടി പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നത് മശിഹ എന്നയാൾ ദൈവവുമായി പ്രത്യേക ബന്ധമുള്ളയാളാണെന്നാണ് യെഹൂദർ കരുതിയത്. അവൻ അപ്പോഴുള്ള കാലഘട്ടത്തിന്റെ അവസാനം കൊ ണ്ടുവരും, അപ്പോൾ ദൈവരാജ്യം സ്ഥാപിതമാകും. അവ നിലൂടെയാണു ദൈവം ചരിത്രം തിരുത്തിക്കുറിച്ച് അവന്റെ ജനത്തിന്റെ

വിടുതലിനായി വരിക. യേശു “മശിഹ” എന്ന ശീർഷകം അംഗീകരിച്ചു, എന്നാൽ അതിന്റെ ഉപയോഗം പ്രോത്സാഹിപ്പിച്ചില്ല; കാരണം ആ വാക്കിന് അതുപയോഗിക്കുവാൻ ബുദ്ധിമുട്ടാകുമാറ് രാഷ്ട്രീയ അതിപ്രസരം ഉണ്ടായിരുന്നു. അവന്റെ ദൗത്യത്തെ വിവരിക്കുന്നതിന് പരസ്യമായി അതുപയോഗിക്കുവാൻ വൈമനസ്യം കാണിച്ചെങ്കിലും, യേശു പത്രൊസിനെയോ, (മത്തായി 16:16,17). ശമര്യാക്കാരി സ്ത്രീയോ (യോഹന്നാൻ 4:25,26). അതുപയോഗിച്ചതിന് ശാസിച്ചില്ല. “നിങ്ങൾ ക്രിസ്തുവിനുള്ളവർ” (മർക്കൊസ് 9:41) എന്നു കരുതി ഒരു ശിഷ്യന് ഒരു പാത്രം വെള്ളം കൊടുക്കുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ വാക്കുകളെപ്പറ്റി മർക്കൊസിന്റെ പരാമർശത്തിൽ കാണുന്നതുപോലെ, അവൻ മശിഹ ആണെന്ന് അവന് തന്നെ അറിയാമായിരുന്നു “ The SDA Bible Commentarry Vol 12, p 165.

**ചർച്ചാ ചോദ്യങ്ങൾ**

1 യെശയ്യാവ് 53:1–12 വായിക്കുക. ഈ പാഠഭാഗ പ്രകാരം, യേശു നമുക്കുവേണ്ടി എന്തു ചെയ്തു അവൻ നമുക്കുവേണ്ടി ചെയ്ത പ്രത്യേക കാര്യങ്ങൾ എഴുതിയിടുക. യേശു നമ്മുടെ പകരക്കാരൻ എന്ന ആശയം ഈ വാക്യങ്ങളിൽ വ്യക്തമായി ഏതെല്ലാം വഴികളിൽ നമുക്ക് കാണാൻ കഴിയും? എന്തുകൊണ്ടാണ് നമുക്ക് അവനെ നമ്മുടെ പകരക്കാരനായി വേണ്ടത്?

2 ചരിത്രത്തിലുടനീളം, മനുഷ്യരെ അടിച്ചമർത്തിവയ് ക്കാൻ ചിലർ, മരണാനന്തര ജീവിതത്തിന്റെ ബൈബിൾ വാഗ്ദത്തം ഉപയോഗിച്ചിട്ടുണ്ട്. അതേ, ഇവിടുള്ള നിങ്ങളുടെ ജീവിതം ഇപ്പോൾ കഠിനമാണ്, എന്നാൽ യേശു വരുമ്പോൾ ദൈവം നമുക്ക് വാഗ്ദത്തം ചെയ്തതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക. ദൈവവചനത്തിൽ പഠിപ്പിക്കുന്ന ഈ സത്യം ദുരുപയോഗം ചെയ് തിട്ടുണ്ട് എന്നതിനാൽ, അനേകരും മരണാനന്തര ജീവിതം എന്ന ക്രിസ്തീയ ആശയത്തെ തള്ളിക്കളയുന്നു; പകരം ചിലർ മറ്റുള്ളവരെ അടിച്ചമർത്തുവാൻ ഉപയോഗിക്കുന്ന ഒരു തന്ത്രം മാത്രമായി ഇതിനെ കാണുന്നു. ആ ആരോപണത്തോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും?

3 ക്ലാസിൽ ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചും അതെന്തു പറയുന്നുവെന്നും ക്രിസ്തുവിന്റെ ദിവ്യത്വത്തെക്കുറിച്ചുമുള്ള വ്യാഴാഴ്ചയിലെ ചോദ്യത്തിനുള്ള നിങ്ങളുടെ ഉത്തരത്തിലൂടെ കടന്നു പോകുക. അവന്റെ ദിവ്യത്വവും അതു ദൈവത്തെക്കുറിച്ച് എന്തു പറയുന്നുവെന്നുമുള്ളത് എന്തുകൊണ്ട് നല്ല വാർത്തയായിരിക്കുന്നു?

✪ ✪ ✪ ✪